## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 756 | 28.02.2017-ൽ മറുപടിക്ക്

## വിനോദസഞ്ചാരമേഖലയിലെ പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ആർ. രാമചന്ദ്രൻ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീമതി. സി.കെ. ആശ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) നോട്ട് അസാധുവാക്കൽ തീരുമാനം വിനോദസഞ്ചാരമേഖലയെ എത്രത്തോളം ബാധിച്ചുവെന്ന് വിശദമാക്കുമോ; | എ) 2016 നവംബർ 8 അർദ്ധരാത്രി മുതൽ നിലവിൽ വന്ന 500-ന്റെയും 1000-ന്റെയും നോട്ട് അസാധുവാക്കൽ നടപടി ടൂറിസം മേഖലയെ എത്രത്തോളം ബാധിച്ചു എന്നു മനസിലാക്കുന്നതിലേക്കായി ഒരു "ക്വിക്ക് സർവേ" 2016 ഡിസംബർ 1 ന് വകുപ്പ് തലത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത സർവ്വേയിൽ ഹോട്ടൽ, ഹൗസ് ബോട്ട്, ടൂർ ഓപ്പറേറ്റർ എന്നിവർ ഉൾപ്പെട്ട സാമ്പിളുകളിൽ നിന്നും വിവരശേഖരണം നടത്തുകയുണ്ടായി. പ്രസ്തുത പഠനത്തിന്റെ കണ്ടെത്തലുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) ടൂറിസം മേഖലയിൽ നിന്നുള്ള വരുമാനത്തിൽ അതിനുശേഷം എത്രത്തോളം കുറവുവന്നുവെന്ന് വ്യക്തമാക്കുമോ; | ബി) നോട്ട് അസാധുവാക്കൽ തീരുമാനത്തിനുശേഷമുള്ള ടൂറിസം വരുമാനം കണക്കാക്കിയിട്ടില്ല |

| | |
|---|---|
| സി) നോട്ട് നിരോധനത്തിന് ശേഷം വിദേശ സഞ്ചാരികളുടെയും ആഭ്യന്തര സഞ്ചാരികളുടെയും വരവിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ടോ; | സി) നോട്ട് നിരോധനത്തിനുശേഷം വിദേശ സഞ്ചാരികളുടെ എണ്ണത്തിൽ കുറവ് സംഭവിച്ചിട്ടില്ല. എന്നാൽ പ്രതീക്ഷിച്ച വളർച്ചാ നിരക്ക് കൈവരിക്കാൻ സാധിച്ചില്ല. ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ നവംബർ മാസത്തിൽ മുൻവർഷത്തെക്കാൾ കുറവ് സംഭവിച്ചിട്ടുണ്ട്. |
| ഡി) പ്രസ്തുത പ്രതിസന്ധി മറികടക്കുന്നതിന് എന്തൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ? | ഡി) നോട്ട് നിരോധനം വിനോദസഞ്ചാരികൾക്ക് സൃഷ്ടിച്ച പ്രതിസന്ധി മറികടക്കാനായി ടൂറിസം വകുപ്പ് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു.<br>• ടൂർ ഓപ്പറേറ്റർമാരുമായി സഹകരിച്ച് വിദേശസഞ്ചാരികൾക്ക് പണലഭ്യത ഉറപ്പ് വരുത്താൻ ശ്രമം നടത്തി.<br>• ഹോട്ടലിയേഴ്സിനെയും മറ്റും ഇക്കാര്യത്തിൽ ബോധവൽക്കരണം നടത്തി.<br>• ടൂറിസവുമായി ബന്ധപ്പെട്ട കൗണ്ടറുകളിൽ ക്യാഷ് ലെസ് പണമിടപാട്ടുകൾക്ക് സൗകര്യങ്ങൾ ഒരുക്കാൻ നടപടി ആരംഭിച്ചു<br>• ടൂറിസം ഇൻഫർമേഷൻ സെന്ററുകളിൽ ഹെൽപ്പ് ഡെസ്ക് സ്ഥാപിച്ചു |

സെക്ഷൻ ഓഫീസർ.

അനുബന്ധം

## 2016 ഡിസംബർ 1 ന് നടത്തിയ "ക്വിക്ക് സർവ്വേ" യിലെ പ്രധാന കണ്ടെത്തലുകൾ

- വിദേശ വിനോദസഞ്ചാരികളുടെ വരവിൽ 15 മുതൽ 20 ശതമാനം വരെ കുറവ് ഉണ്ടാകുമെന്ന് വിലയിരുത്തപ്പെടുന്നു.
- ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവിൽ 20 മുതൽ 40 ശതമാനം വരെ കുറവ് ഉണ്ടാകുമെന്ന് കണക്കാക്കപ്പെടുന്നു.
- മുൻകൂർ ബുക്കിംഗിനെ ഇത് ബാധിച്ചിട്ടുണ്ട്. ഇതിലുണ്ടായകുറവ് 25 മുതൽ 30 ശതമാനം വരെയാണ്.
- നവംബർ മാസത്തിൽ ആകെ 30% ഹൗസ് ബോട്ടുകൾ മാത്രമാണ് പ്രവർത്തിച്ചത്.
- ഹോട്ടലുകളിലെ ഫുഡ് & ബിവറേജസിന്റെ വിൽപനയിൽ 20 മുതൽ 25 ശതമാനം വരെ കുറവ് ഉണ്ടായി.
- നോട്ട് അസാധുവാക്കൽ മീറ്റിംഗുകൾ, കോൺഫറൻസുകൾ, സാഹസിക ടൂറിസം എന്നിവയെ കാര്യമായി ബാധിച്ചു.
- വിനോദസഞ്ചാരികളുടെ ഉപഭോഗത്തിനും മറ്റാവശ്യങ്ങൾക്കായും ചെലവഴിക്കുന്ന പണത്തിൽ ഗണ്യമായ കുറവ് അനുഭവപ്പെട്ടതുകൊണ്ട് ഈ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സാധാരണക്കാരെ ഇത് കാര്യമായി ബാധിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ഒപ്പ്)

സെക്ഷൻ ഓഫീസർ.